# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 353

29.06.2016-ൽ
മറുപടിയ്ക്ക്

## പുതുപ്പരിയാരത്തെ മലിനീകരണ പ്രശ്നം പരിഹരിക്കുന്നതിനുള്ള സുകുമാരൻ നായർ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം<br>ശ്രീ.വി.എസ്.അച്യുതാനന്ദൻ | | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | മലമ്പുഴ നിയോജകമണ്ഡലത്തിലെ പുതുപ്പരിയാരത്ത് പ്രവർത്തിക്കുന്ന ഇരുമ്പുരുക്ക് കമ്പനികളിൽ നിന്നുള്ള മലിനീകരണ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | മലമ്പുഴ നിയോജകമണ്ഡലത്തിലെ പുതുപ്പരിയാരത്ത് ഉള്ള സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ, മലമ്പുഴ സ്ററീൽസ് റീ റോളിംഗ് മിൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഒരു ഇരുമ്പ് ഉരുക്ക് യൂണിറ്റ് പ്രവർത്തിച്ചിരുന്നു. ഈ സ്ഥാപനത്തിൽ നിന്നും ഉള്ള മലിനീകരണം തടയുന്നതിന് സ്ക്രബിംഗ് സംവിധാനം അടങ്ങിയ മലിനീകരണ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുകയും അത് കാര്യക്ഷമമായി നടപ്പാക്കണമെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോഡ് നിർദ്ദേശം നല്കുകയും ചെയ്തിരുന്നു. എന്നാൽ രണ്ട് വർഷമായി പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നില്ല. |
| ബി) | ഈ മലിനീകരണ പ്രശ്നം സംബന്ധിച്ച് സർക്കാർ നിയോഗിച്ച സുകുമാരൻ നായർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | ബി) | ഉണ്ട് |

| | | | |
|---|---|---|---|
| സി) | ഉണ്ടെങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | സി) | സുകുമാരൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരം വായു മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ വിപുലീകരിച്ചിട്ടുണ്ട്. പൊടി പടലങ്ങളുടെ അളവ് രേഖപ്പെടുത്തുന്നതിനുള്ള ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം എല്ലാ ഇരുമ്പുരുക്ക് വ്യവസായങ്ങൾക്കും ഏർപ്പാടാക്കിയിട്ടുണ്ട്. കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഒരു ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിക്കുകയും അതിന്റെ പ്രവർത്തനം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. 2015-ലെ പരിശോധനാ ഫലങ്ങൾ ക്രോഡീകരിച്ചതു പ്രകാരം വായു ഗുണനിലവാരം തൃപ്തികരമാണ്. ജില്ലാ കളക്ടർ ചെയർമാനായും ജനറൽ മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ കൺവീനറുമായുള്ള ഒരു പരിസ്ഥിതി കാവൽ സംഘം 2010-ൽ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയിൽ ബോർഡിന്റെ പാലക്കാട് ജില്ലാ ഓഫീസ് മേധാവിയും അംഗമാണ്. ടി കമ്മിറ്റി സമയാസമയങ്ങളിൽ യോഗം ചേർന്ന് വ്യവസായ മേഖലയിലെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ടി കമ്മിറ്റി അവസാനമായി 25.02.2016 ന് യോഗം ചേർന്നിരുന്നു. |

**സെക്ഷൻ ഓഫീസർ**